മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് നടപടികൾ

328 (3150) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത വകുപ്പിൽ എന്തെല്ലാം ശാക്തീകരണ പരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ഇതിനായി ഒരുക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലനങ്ങളിൽ അമിത വേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖല തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ

LIBRARY ARCHIVES Kerala Legislative Assembly

വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും നടപ്പിലാക്കി വരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

(ബി) ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ഡിജിറ്റൽ ക്യാമറ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. അതോടൊപ്പം സ്പീഡ് ക്യാമറ സർവൈലൻസ് സിസ്റ്റം, ജി.പി.എസ്. ട്രാക്കിങ്ങ് തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(സി) അത്യാധുനിക വാഹന പരിശോധനാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതുകൂടാതെ മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുവാനായി 55 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പോസ്റ്റുകൾ റോഡ് സുരക്ഷാ നടപടികൾക്കായി പുതുതായി മോട്ടോർവാഹന വകുപ്പിൽ സൃഷ്ടിക്കുകയും ഇവരെയെല്ലാം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും മേൽ ചുമതല ഏൽപ്പിച്ച് നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി വാഹനാപകടങ്ങൾമൂലമുള്ള മരണങ്ങൾ താഴെപ്പറയും പ്രകാരം കുറഞ്ഞുവരുന്നതായി കണക്കാക്കിയിട്ടുണ്ട് :

വർഷം	അപകടങ്ങൾ	മരണം
2012	36374	4286
2013	35215	4256
2014	36282	4049

കൂടാതെ വാഹനങ്ങളുടെ അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, റോഡ് നിയമങ്ങളുടെ ലംഘനങ്ങൾ എന്നിവ കണ്ടെത്തി പിഴ ചുമത്തുന്നതുമൂലം അത്തരം നിയമ ലംഘനങ്ങൾ കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly